കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന ഭൂമി.

* 110. [62] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവാപ്പറേറീവ് സൊസൈറ്റികൾ മുഖേന അപേക്ഷിക്കുന്നവർക്കു മാത്രമേ ഭൂമി കുത്തകപ്പാട്ടത്തിനു കൊടുക്കുകയുള്ളൂ എന്നൊരു നയമാണോ ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഒട്ടും തന്നെ ഭൂമിയില്ലാത്ത കാർഷികതൊഴിലാളികൾ ഒറ്റയ്ക്ക് അപേക്ഷിച്ചാൽ അവർക്ക് ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇങ്ങനെ ഒരു നയം ഇല്ല.

(ബി) ഒട്ടും ഭൂമിയില്ലാത്തവർക്ക് പുറംപോക്കുഭൂമി കൊടുക്കുന്നതിനു നിലവിലിരിക്കുന്ന കുത്തകപ്പാട്ട ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തു പുനർവിഭജനം.

* 111. [63] ശ്രീ. പി. കെ. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലെ ഏതെല്ലാം പഞ്ചായത്തുകൾ വിഭജിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്കിലെ കൊടുങ്ങല്ലൂരും എറിയാടും പുനർവിഭജനം ചെയ്യണമെന്നു കാണിച്ചു നടത്തിയ നിവേദനങ്ങളിൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കൊടുങ്ങല്ലൂർ, എറിയാട്, കടയത്തൂർ, ആലക്കോട്, വടശ്ശേരിക്കര, ഓന്നി-പഴവങ്ങാടി, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകളിൽ പുനർവിഭജനം നടത്തണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കൊടുങ്ങല്ലൂർ, എറിയാട് എന്നീ പഞ്ചായത്തുകളുടെ പുനർവിഭജനത്തെപ്പറ്റി ആ രണ്ടു പഞ്ചായത്തുകളുടെയും അഭിപ്രായം, പഞ്ചായത്ത് ആക്ടിലെ 3-ാംവകുപ്പ് അനുസരിച്ച്, ആരാഞ്ഞിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പരിചിന്തനം ചെയ്തുവരികയാണ്. അവസാനതീരുമാനമെടുത്തിട്ടില്ല.

പഞ്ചായത്ത് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ നിയമനം.

* 112. [65] ശ്രീ. എം. എ. ജോൺ : താഴെ കാണുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ ജോലി നോക്കിവരുന്ന പരിചയമുള്ള ക്ലാർക്കന്മാരെ എക്സ്റ്റൻഷൻ ആഫീസറന്മാരായി ഗവണ്മെൻറിൽ നിന്നും നേരിട്ടു നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly